**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3592** **08-10-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ ജീവനക്കാരുടെ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പ് ജീവനക്കാർക്ക് എല്ലാ വർഷവും നടത്തിയിരുന്ന ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ രണ്ട് വർഷമായി മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | 2023 ന് ശേഷം പ്രസ്തുത പരീക്ഷയ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>ലാൻഡ് റവന്യൂ വകുപ്പിൽ തഹസിൽദാർ തസ്തികയുടെ വിശേഷാൽ ചട്ടം കേരള ഗസറ്റ് (അസാധാരണം) വാല്യം XXV നമ്പർ 400 തീയതി 16.06.1980 പ്രസിദ്ധീകരിച്ചിരുന്നതും ആയതിൽ ഖണ്ഡിക (6) ആയി പരാമർശിച്ചിരിക്കുന്ന യോഗ്യത (a) ൽ " holds a degree in law of a recognised University or has passed the Criminal Judicial Test; and ......" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ടി വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്ന Criminal Judicial Test ന്റെ സിലബസ് നിലവിൽ Part 1 ൽ Indian Penal Code (Paper I and II), Part II ൽ Code of Criminal Procedure, 1973 (Act 2 of 1974) (Paper III and IV), Part III ൽ Medical Jurisprudence (Paper V) Indian Evidence Act (Paper VI) എന്നീ പരീക്ഷകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>01.07.2024 ന് രാജ്യത്ത് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങൾക്ക് അനുസൃതമായി Criminal Judicial Test ന്റെ സിലബസിൽ Indian Penal Code, Code of Criminal Procedure, 1973 (Act 2 of 1974), Indian Evidence Act എന്നിവക്ക് പകരം യഥാക്രമം Bharatiya Nyaya Sanhita, Bharatiya Nagarik Suraksha Sanhita, Bharatiya Sakshya Adhiniyam എന്നിവ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. വിശേഷാൽ ചട്ട ഭേദഗതിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് വിവിധ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ ആയതിന് കാലദൈർഘ്യം എടുക്കും എന്നതിനാൽ നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | വർഷാവർഷം നടത്തിയിരുന്ന പ്രസ്തുത പരീക്ഷ മുടങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ലാൻഡ് റവന്യൂ വകുപ്പിൽ തഹസിൽദാർ തസ്തികയുടെ വിശേഷാൽ ചട്ടം കേരള ഗസറ്റ് (അസാധാരണം) വാല്യം XXV നമ്പർ 400 തീയതി 16.06.1980 പ്രസിദ്ധീകരിച്ചിരുന്നതും ആയതിൽ ഖണ്ഡിക (6) ആയി പരാമർശിച്ചിരിക്കുന്ന യോഗ്യത (a) ൽ " holds a degree in law of a recognised University or has passed the Criminal Judicial Test; and ......" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ് .<br><br>ടി വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്ന Criminal Judicial Test ന്റെ സിലബസ് നിലവിൽ Part 1 ൽ Indian Penal Code (Paper I and II), Part II ൽCode of Criminal Procedure, 1973 (Act 2 of 1974) (Paper III and IV), Part III ൽ Medical Jurisprudence (Paper V) Indian Evidence Act (Paper VI) എന്നീ പരീക്ഷകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>01.07.2024 ന് രാജ്യത്ത് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ നിയമങ്ങൾക്ക് അനുസൃതമായി Criminal Judicial Test ന്റെ സിലബസിൽ Indian Penal Code, Code of Criminal Procedure, 1973 (Act 2 of 1974), Indian Evidence Act എന്നിവക്ക് പകരം യഥാക്രമം Bharatiya Nyaya Sanhita, Bharatiya Nagarik Suraksha Sanhita, Bharatiya Sakshya Adhiniyam എന്നിവ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. വിശേഷാൽ ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ ആയതിന് കാലദൈർഘ്യം എടുക്കും എന്നതിനാൽ നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ഡി) | 01.07.2024 ന് രാജ്യത്ത് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ നിയമങ്ങൾക്ക് അനുസൃതമായി Criminal Judicial Test ന്റെ സിലബസിൽ Indian Penal Code, Code |

| | | | |
|---|---|---|---|
| | | | of Criminal Procedure, 1973 (Act 2 of 1974), Indian Evidence Act എന്നിവക്ക് പകരം യഥാക്രമം Bharatiya Nyaya Sanhita, Bharatiya Nagarik Suraksha Sanhita, Bharatiya Sakshya Adhiniyam എന്നിവ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. വിശേഷാൽ ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ ആയതിന് കാലദൈർഘ്യം എടുക്കും എന്നതിനാൽ നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് പരിഷ്കരിക്കുന്ന സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണയിലാണ്. |
| (ഇ) | പരീക്ഷ മുടങ്ങിയതിനാൽ യോഗ്യത നേടാനാവാതെ സ്ഥാനക്കയറ്റം ലഭിക്കാതെ വിരമിച്ചവർക്കും സ്ഥാനക്കയറ്റത്തിന് പരിഗണിക്കാത്തവർക്കും ഉണ്ടായിട്ടുള്ള നഷ്ടം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | നിലവിൽ 2019 കാലയളവിൽ ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെയാണ് തഹസിൽ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിൽ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിവരുന്നതും ടി കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് 2022 വരെ പഴയ സിലബസ് പ്രകാരമുള്ള ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ പരീക്ഷ നടത്താത്തതിനെ തുടർന്ന് യഥാസമയം യോഗ്യത നേടാൻ കഴിയാതെ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നഷ്ടമായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ